ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.04.2026**

## പ്രധാനവാർത്തകൾ

1. *ലോക്സഭയിലും നിയമസഭകളിലും വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള മൂന്ന് സുപ്രധാന ബില്ലുകളിൽ ലോക്സഭയിൽ ഇന്ന് വോട്ടെടുപ്പ്. ബില്ലിനെ എതിർത്ത് പ്രതിപക്ഷം.*
2. *സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആശുപത്രികളിൽ പ്രത്യേക ഹീറ്റ് സ്ട്രോക്ക് ക്ലിനിക്കുകൾ ആരംഭിച്ചു.*
3. *കണ്ണൂർ ഡെന്റൽ കോളേജിലെ വിദ്യാർഥി നിതിൻ രാജിൻറെ മരണവുമായി ബന്ധപ്പെട്ട് ദേശീയ ദന്തൽ കമ്മീഷൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനോട് റിപ്പോർട്ട് തേടി.*
4. *പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ ഇന്ത്യൻ പൗരന്മാരുടെയും നാവികരുടെയും സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചതായി കേന്ദ്രസർക്കാർ.*
5. *വിഷു പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട നാളെ അടയ്ക്കും.*
6. *ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്-കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം.*

**വാർത്തകൾ വിശദമായി......**

RNU TVPM

## പാർലമെന്റ്

ഭരണഘടന (131-ാം ഭേദഗതി) ബിൽ 2026, കേന്ദ്രഭരണ പ്രദേശ നിയമങ്ങൾ (ഭേദഗതി) ബിൽ 2026, ഡീലിമിറ്റേഷൻ ബിൽ, 2026 എന്നിവയിൽ ലോക്സഭയിൽ ചർച്ച തുടരുന്നു. ലോക്സഭയിലും നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ടാണ് ബില്ലുകൾ ലോക്സഭയിൽ അവതരിപ്പിച്ചത്. 'നാരീശക്തി വന്ദൻ അധിനിയം' യഥാർത്ഥത്തിൽ ഒരു വനിതാ സംവരണ ബില്ലല്ലെന്നും രാജ്യത്തെ തിരഞ്ഞെടുപ്പ് ഭൂപടം മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആരോപിച്ചു. അതേസമയം രാഹുൽ ഗാന്ധിയുടെ ചില പരാമർശങ്ങളെ സ്പീക്കർ ഓം ബിർള ചോദ്യം ചെയ്തു. പ്രധാനമന്ത്രിക്കെതിരായ രാഹുൽ ഗാന്ധിയുടെ പരാമർശങ്ങളെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അപലപിച്ചു. രാഹുൽ ഗാന്ധിയുടെ പരാമർശങ്ങൾ പാർലമെന്ററി മര്യാദകൾക്ക് വിരുദ്ധമാണെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു കുറ്റപ്പെടുത്തി.

വനിതാ സംവരണത്തെ സ്ത്രീകൾ സമൂഹത്തിന് നൽകിയ സംഭാവനകൾക്കുള്ള അർഹമായ അംഗീകാരമായി കാണണമെന്ന് കേന്ദ്രമന്ത്രി എച്ച്.ഡി. കുമാരസ്വാമി പറഞ്ഞു. രാജ്യത്തിൻറെ വികസനയാത്രയിലും ഭാവി രൂപപ്പെടുത്തുന്നതിലും സ്ത്രീകൾ സുപ്രധാന പങ്ക് വഹിക്കുന്നതായി ബില്ലുകളെ പിന്തുണച്ച് കേന്ദ്ര വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവി അഭിപ്രായപ്പെട്ടു. ബില്ലുകളിന്മേലുള്ള വോട്ടെടുപ്പ് ഇന്ന് നടക്കും. ബില്ലിന്മേലുള്ള ചർച്ചയ്ക്ക് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മറുപടി നൽകുകയാണ്.

RNU TVPM

## രാജ്യസഭ

രാജ്യസഭാ ഉപാധ്യക്ഷനായി നോമിനേറ്റഡ് അംഗം ഹരിവംശിനെ മൂന്നാം തവണയും തിരഞ്ഞെടുത്തു. ഇതു സംബന്ധിച്ച പ്രമേയം കേന്ദ്രമന്ത്രി ജെ.പി. നഡ്ഡയാണ് അവതരിപ്പിച്ചത്. പക്വതയോടെ സഭാ നടപടികൾ നിയന്ത്രിക്കുന്ന വ്യക്തിയാണ് ഹരിവംശെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. സഭയിൽ പ്രതിപക്ഷത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്ന്, പുതിയ ഉപാധ്യക്ഷൻ ഉറപ്പുവരുത്തുമെന്ന് പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ പ്രത്യാശ പ്രകടിപ്പിച്ചു. നടപടികൾ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

## തമിഴ്നാട് - പശ്ചിമബംഗാൾ തെരഞ്ഞെടുപ്പ്

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. ഇരു സംസ്ഥാനങ്ങളിലും ഈ മാസം 23 നാണ് വോട്ടെടുപ്പ്. രണ്ട് ഘട്ടമായി വോട്ടെടുപ്പ് നടക്കുന്ന പശ്ചിമബംഗാളിൽ ആദ്യഘട്ടത്തിൽ 152 മണ്ഡലങ്ങളിലാണ് വിധിയെഴുതുന്നത്. രണ്ടാം ഘട്ട പോളിംഗ് ഈ മാസം 29 ന് നടക്കും. പശ്ചിമ ബംഗാളിൽ തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി , മഹാരാഷ്ട്ര മുഖ്യമന്ത്രിയും ബിജെപി നേതാവുമായ ദേവേന്ദ്ര ഫഡ്നാവിസ് തുടങ്ങിയവർ വിവിധ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁

RNU TVPM

**<u>വീണാ ജോർജ്</u>**

സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ എല്ലാവരും ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. ചൂട് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് പ്രധാന ആശുപത്രികളിൽ പ്രത്യേക ഹീറ്റ് സ്ട്രോക്ക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ക്ലിനിക്കുകളിൽ കൂളിംഗ് ഉപകരണങ്ങളുടേയും മരുന്നുകളുടേയും ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁

**<u>പാലക്കാട് - (ഇൻട്രോ)</u>**

RNU TVPM

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നതിനോടൊപ്പം തന്നെ വൈദ്യുതി ഉപയോഗത്തിലും റെക്കോർഡിട്ട് പാലക്കാട് ജില്ല. ദിവസേനയുള്ള വൈദ്യുതി ഉപയോഗത്തിൽ കഴിഞ്ഞ ദിവസം 60 ശതമാനം വർദ്ധനയാണ് ജില്ലയിൽ രേഖപ്പെടുത്തിയത്.

**പാലക്കാട് ജില്ല പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.....**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁

**<u>വയനാട് - (ഇൻട്രോ)</u>**

അതിശക്തമായ ചൂടിനെ തുടർന്ന് വയനാട്ടിൽ കുടിവെള്ളം പോലും വറ്റുന്ന സാഹചര്യത്തിൽ വന്യജീവികൾക്ക് ആശ്വാസമാവുകയാണ് വനത്തിലും വന അതിർത്തികളിലും നിർമ്മിച്ച തടയണകൾ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്....

(ഹോൾഡ് വോയിസ്......)

❁❁❁❁❁❁❁❁❁❁❁❁

## ഇടിമിന്നൽ ജാഗ്രതാ നിർദേശം

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഈ മാസം 20,21 തീയതികളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടിമിന്നൽ സാധ്യത മനസ്സിലാക്കാൻ കേന്ദ്ര കാലാവസ്ഥ വകുപ്പ് തയ്യാറാക്കിയിട്ടുള്ള 'ദാമിനി' മൊബൈൽ ആപ്പ് ഉപയോഗിക്കാവുന്നതാണ്.

❁❁❁❁❁❁❁❁❁❁❁❁

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.
1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പിലൂടെയോ MY GOV ഓപ്പൺ ഫോറം വഴിയോ ആണ് നിർദേശങ്ങൾ പങ്കുവെയ്ക്കേണ്ടത്. മൻ കീ ബാത്തിന്റെ 133-ാാം പതിപ്പ് ഈ മാസം 26-ന് ദൂരദർശനിലും ആകാശവാണിയിലും ലഭ്യമാകും.

PIUTVPM

❁❁❁❁❁❁❁❁❁❁❁❁

## കണ്ണൂർ - നിതിൻ രാജ്

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റ്റൽ കോളേജിലെ ഒന്നാംവർഷ വിദ്യാർഥി നിതിൻ രാജിൻ്റെ മരണവുമായി ബന്ധപ്പെട്ട് ദേശീയ ദന്തൽ കമ്മീഷൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനോട് റിപ്പോർട്ട് തേടി. അതേസമയം

സംഭവത്തിൽ  കുറ്റാരോപിതനായ ഡോ.റാമും ഡോ.സംഗീത നമ്പ്യാരും തലശ്ശേരി സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ നൽകി. ഹർജി ഈ മാസം 22 ന് പരിഗണിക്കും. നിതിൻ രാജിൻറെ മരണവുമായി ബന്ധപ്പെട്ട് ലോൺ ആപ്പിനെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁

**<u>സ്പീക്കർ- അനുശോചനം</u>**

അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥി നിധിൻ രാജിന്റെ വസതി സന്ദർശിച്ച് സ്പീക്കർ എ എൻ ഷംസീർ. കുടുംബത്തിന് ആവശ്യമായ എല്ലാ പിന്തുണയും  ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

**<u>അന്തർമന്ത്രാലയം - വാർത്താസമ്മേളനം</u>**

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ ഇന്ത്യൻ പൗരന്മാരുടെയും നാവികരുടെയും സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചതായി കേന്ദ്രസർക്കാർ. 2,400-ലധികം ഇന്ത്യൻ നാവികരെ സുരക്ഷിതമായി നാട്ടിലെത്തിച്ചതായും, ഷിപ്പിംഗ് മന്ത്രാലയം അറിയിച്ചു. അതേസമയം രാജ്യത്ത് ഇന്ധനക്ഷാമം ഉണ്ടാകുമെന്ന അഭ്യൂഹങ്ങൾ അടിസ്ഥാനരഹിതമാണെന്ന് പെട്രോളിയം മന്ത്രാലയം വ്യക്തമാക്കി. പെട്രോൾ, ഡീസൽ, എൽ.പി.ജി എന്നിവയുടെ മതിയായ ശേഖരം രാജ്യത്തുള്ളതായും, റിഫൈനറികൾ തടസ്സമില്ലാതെ പ്രവർത്തിക്കുന്നതായും മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## ശബരിമല (ഇൻട്രോ)

വിഷു പൂജകൾ പൂർത്തിയാക്കി ശബരിമല അയ്യപ്പ ക്ഷേത്ര നട നാളെ അടയ്ക്കും. ഇന്ന് വൈകിട്ട് സഹസ്രകലശ പൂജ നടന്നു.
**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.**
**(ഹോൾഡ് വോയ്സ്...........)**

❁❁❁❁❁❁❁❁❁❁❁❁

## ഹജ്ജ്

ഇന്ത്യയിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് നാളെ തുടക്കമാകും. ആദ്യ സംഘം നാളെ
സൗദി അറേബ്യയിലേക്ക് തിരിക്കും. രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നായി ഒരു ലക്ഷത്തി 75,000 ത്തിലധികം തീർത്ഥാടകരാണ് ഇത്തവണ ഹജ്ജ് കർമ്മത്തിൽ പങ്കെടുക്കുന്നത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7.30-ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെതിരെ പഞ്ചാബ് കിങ്സ് ഏഴ് വിക്കറ്റിന് വിജയിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## ഓഹരി-സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 505 പോയിന്റ് ഉയർന്ന് 78,494 ലും നിഫ്റ്റി 157 പോയിന്റ് നേട്ടത്തിൽ 24,354 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണ വില കുറഞ്ഞു. ഗ്രാമിന് 125 രൂപ കുറഞ്ഞ് 14,135 രൂപയും പവന് 1000 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 13,080 രൂപയുമാണ് ഇന്നത്തെ വില.

---

## വീടിന് വിള്ളൽ

വയനാട് കൽപ്പറ്റ ടൗൺഷിപ്പിലെ വീടിന് വിള്ളൽ എന്ന് പരാതി. മുണ്ടക്കൈ സ്വദേശി നൗഫലിന് ലഭിച്ച വീടിനാണ് വിള്ളൽ കണ്ടെത്തിയത്. സോൺ ഒന്നിലെ എട്ടാം നമ്പർ വീട്ടിലാണ് നേരിയതോതിൽ വിള്ളൽ കണ്ടെത്തിയത്. അതേസമയം ആശങ്ക വേണ്ടെന്ന് ഊരാളുങ്കൽ സിഇഒ അരുൺ ബാബു അറിയിച്ചു.

RNUTVPM

---

## കോട്ടയം തണ്ണീർമുക്കം ബണ്ട്

കോട്ടയം തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ തിങ്കളാഴ്ച മുതൽ ഘട്ടം ഘട്ടമായി തുറക്കുന്നതിന് ജില്ലാ കളക്ടർ കെ. ഇമ്പശേഖർ ഉത്തരവായി. ഷട്ടറുകൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആലപ്പുഴ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

---